പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5987

28-10-2011-ൽ മറുപടിയ്ക്ക്

## റെസ്ക്യൂ ബോട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) മലപ്പുറം, ആലപ്പുഴ ജില്ലകളിൽ കടലിൽ രക്ഷാപ്രവർത്തനം നടത്താൻ മതിയായ എണ്ണം റസ്ക്യൂ ബോട്ടുകൾ ഇല്ലാത്തകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത ജില്ലകളിൽ എത്ര വീതം റെസ്ക്യൂ ബോട്ടുകൾ ഇപ്പോൾ ഉണ്ട്; | ബി) പ്രസ്തുത ജില്ലകളിൽ റെസ്ക്യൂ ബോട്ടുകൾ ഇപ്പോൾ നിലവിലില്ല. എന്നാൽ ട്രോളിംഗ് നിരോധന കാലയളവിൽ (14-06-11 മുതൽ 31-07-11 വരെ) മാത്രം കടൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനു വേണ്ടി മലപ്പുറം ജില്ലയിൽ ഒരു ബോട്ടും ഒരു ഫൈബർ തോണിയും ആലപ്പുഴ ജില്ലയിൽ ഒരു ബോട്ടും വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു വരുന്നു. |
| സി) പ്രസ്തുത സ്ഥലങ്ങളിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച രക്ഷാപ്രവർത്തകർ ഒട്ടേറെ ഉള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; | സി) പരിശോധിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നിന്നുള്ള രക്ഷാ പ്രവർത്തകർ കൊല്ലം നീണ്ടകര ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും മലപ്പുറം ജില്ലയിൽ നിന്നുള്ള രക്ഷാ പ്രവർത്തകർ വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും പ്രവർത്തിച്ചുവരുന്നു. |
| ഡി) എന്നിട്ടും കടലിൽ അപകടം സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനം നടത്താൻ റെസ്ക്യൂ ബോട്ടുകൾ ഇല്ലാത്തതുകാരണം നേരിടുന്ന പ്രയാസങ്ങൾ പരിശോധിക്കുമോ ; | ഡി) റെസ്ക്യൂ ബോട്ടുകൾ ഇല്ലാത്തതുകാരണം രക്ഷാ പ്രവർത്തനം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്. മലപ്പുറം ജില്ലയിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിലെ റെസ്ക്യൂ ബോട്ടും ആലപ്പുഴ ജില്ലയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെയോ, നീണ്ടകര ഫിഷറീസ് സ്റ്റേഷനിലെയോ രക്ഷാ ബോട്ടുകളാണ് ഉപയോഗിക്കുന്നത്. ഇതു മൂലം രക്ഷാ പ്രവർത്തനം നടത്തുന്നതിന് കാലതാമസം നേരിടാറുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പിൽ ഫിഷറീസ് സ്റ്റേഷൻ ഉള്ള ജില്ലകളായ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മാത്രമേ രക്ഷാ പ്രവർത്തനം നടത്തുന്നതിന് ബോട്ടുകൾ വാടകയ്ക്ക് എടുത്ത് വർഷം മുഴുവനും പ്രവർത്തിച്ചു വരുന്നുള്ളൂ. മലപ്പുറം, ആലപ്പുഴ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ നിലവിലില്ല. |

| | |
|---|---|
| ഇ) എങ്കിൽ പ്രസ്തുത ജില്ലകളിലുൾപ്പെടെ എല്ലാ തീരപ്രദേശത്തും റെസ്ക്യൂ ബോട്ടുകൾ യഥേഷ്ടം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ